5. ഫീൽഡ് അസിസ്റ്റന്റ്
6. കെമിസ്റ്റ്
7. റിസപ്ഷനിസ്റ്റ്
8. കമ്പൗണ്ടർ
9. ഫസ്റ്റ് ഗ്രേഡ് ഫീൽഡ് അസിസ്റ്റന്റ്.

(ഇ) 18 പേരുണ്ട്. അവരുടെ പേരും, വിദ്യാഭ്യാസ യോഗ്യതയും ജോലി ചെയ്യുന്ന തസ്തികയും ജോലിയിൽ പ്രവേശിച്ച തീയതിയും ചുവടെ ചേർക്കുന്നു.

പേര് - യോഗ്യത		ജോലി ചെയ്യുന്ന തസ്തിക	ജോലിയിൽ പ്രവേശിച്ച തീയതി
1. സി.എസ്. ബാബു. എം.എസ്.സി.		ഫീൽഡ്അസിസ്റ്റന്റ്	19.3.98
2. അഗ്രേഷ്യസ് തോമസ്. എം.ഫിൽ		ഫീൽഡ്അസിസ്റ്റന്റ്	22.6.98
3. എൻ.എൻ. സതീശൻ	"	ഫീൽഡ്അസിസ്റ്റന്റ്	22.6.98
4.വിൻസെന്റ്സെബാസ്റ്റ്യൻ	"	ഫീൽഡ്അസിസ്റ്റന്റ്	22.6.98
5. കെ. ലാൽകുമാർ	"	ഫീൽഡ്അസിസ്റ്റന്റ്	22.6.98
6. രാജീവൻ കെ.പി.	"	ഫീൽഡ്അസിസ്റ്റന്റ്	22.6.98
7. പ്രസാദ് കെ.എസ്.ബി.	"	ഫീൽഡ്അസിസ്റ്റന്റ്	22.6.98
8. ഡി. ഹരികുമാർ	ബി.എഡ്	ഫീൽഡ്അസിസ്റ്റന്റ്	22.6.98
9. പി. ഉമാമഹേശ്വർ	"	ഫീൽഡ്അസിസ്റ്റന്റ്	22.6.98
10. വിജയകുമാർ എം.ജി.	"	ഫീൽഡ്അസിസ്റ്റന്റ്	22.6.98
11. സാജു ജോൺ	"	ഫീൽഡ്അസിസ്റ്റന്റ്	22.6.98
12. ശ്രീലതാ റ്റി.റ്റി	"	ഫീൽഡ്അസിസ്റ്റന്റ്	7.9.98
13. കെ.ജി. ബന്നി	"	ഫീൽഡ്അസിസ്റ്റന്റ്	22.6.98
14. സക്കീർ ഹുസൈൻ	എം.എ.	ഫീൽഡ്അസിസ്റ്റന്റ്	7.9.98
15. ബിന്ദു ആർ നായർ	"	ഫീൽഡ്അസിസ്റ്റന്റ്	22.6.98
16. ബിജു റ്റി.ജെ.	"	ഫീൽഡ്അസിസ്റ്റന്റ്	1.12.98
17. അനിൽ കുമാർ എൻ.	"	ഫീൽഡ്അസിസ്റ്റന്റ്	22.2.99
18. എസ്. സുബാഷ്. എം.എ.എൽ.എൽ.ബി. പി.ജി.ഡിപ്ലോമ ഇൻ ബിസിനസ് അഡ്മിനിസ്ട്രഷൻ, പി.ജി. ഡിപ്ലോമ ഇൻമെറ്റീരിയൽ മാനേജ്മെന്റ്		സ്റ്റെനോഗ്രാഫർ	22.3.76

148 (1880) പ്ലാന്റേഷൻ കോർപ്പറേഷനിലെ നിയമനം

ശ്രീ. ജോർജ് ജെ. മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാന്റേഷൻ കോർപ്പറേഷനിൽ നിയമിച്ചിട്ടുള്ളത് പാർട്ടൈം ചെയർമാനാണോ, ഫുൾടൈം ചെയർമാനാണോ എന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പാർട്ട് ടൈം ചെയർമാനാണെങ്കിൽ അദ്ദേഹത്തിന് പ്രൈവറ്റ് സെക്രട്ടറിയേയും, ഡ്രൈവറേയും അനുവദിക്കുമോ;

(സി) എങ്കിൽ ഏതു മാനദണ്ഡമനുസരിച്ചാണ് അവരെ നിയമിച്ചിട്ടുള്ളത്;

(ഡി) കോർപ്പറേഷനിൽ സ്ഥിരം തസ്തികയിൽ ഡ്രൈവർ ഉള്ളപ്പോൾ ദിവസക്കൂലി പ്രകാരം ഡ്രൈവറെ നിയമിച്ചിട്ടുണ്ടോ;

(ഇ) പാർട്ട് ടൈം ചെയർമാന് ഒരു സെല്ലുലാർ ഫോൺ കോർപ്പറേഷൻ ചെലവിൽ നൽകിയിട്ടുണ്ടോ; എങ്കിൽ ആയിനത്തിൽ കോർപ്പറേഷന് എന്തു തുക ചെലവായിയെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ജനറൽ മാനേജർ (പ്രൊഡക്ഷൻ) ജനറൽമാനേജർ (പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേഷൻ) എന്നീ തസ്തികകൾ കഴിഞ്ഞ മൂന്നു വർഷമായി ഒഴിഞ്ഞു കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണമെന്തെന്നു വിശദമാക്കുമോ;

(ജി) കോർപ്പറേഷൻ എസ്റ്റേറ്റുകളിൽ കമ്പിവേലികെട്ടുന്നതിന് വാങ്ങിയിട്ടുള്ള കമ്പികൾ തുരുമ്പു പിടിച്ചു നശിച്ചുകൊണ്ടിരിയ്ക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കമ്പികൾ ഉപയോഗപ്രദമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(എച്ച്) കോർപ്പറേഷന്റെ കീഴിലുള്ള പേരമ്പ്ര എസ്റ്റേറ്റിൽ പുതിയ ജനറേറ്റർ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ജനറേറ്റർ പ്രവർത്തനക്ഷമാണോ;

(ഐ) ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പാർട്ട് ടൈം ചെയർമാനാണ്.

(ബി)&(സി) പ്ലാന്റേഷൻ കോർപ്പറേഷൻ ചെയർമാന് പി.എ.യെ ഇപ്പോൾ അനുവദിച്ചിട്ടില്ല. കോർപ്പറേഷനിൽ തുടർന്നുവരുന്ന ഒരു കീഴ്വഴക്കമെന്നനിലയിൽ ഒരു പ്രൈവറ്റ് സെക്രട്ടറിയുടെ സേവനം ഭാഗീകമായി ചെയർമാന് നൽകി വരുന്നുണ്ട്. ഡ്രൈവർമാരുടെ എണ്ണത്തിൽ കുറവു വന്നതുകൊണ്ട് ദിവസക്കൂലിയ്ക്ക് ഒരു ഡ്രൈവറുടെ സേവനം ചെയർമാൻ ഉപയോഗപ്പെടുത്തുന്നുണ്ട്.

(ഡി) കോർപ്പറേഷനിൽ അനുവദിച്ചു നൽകിയിട്ടുള്ള ഡ്രൈവർമാരുടെ എണ്ണത്തിന്റെ പരിധിയ്ക്കുള്ളിൽ നിന്നുകൊണ്ട് ചെയർമാൻ ദിവസക്കൂലി പ്രകാരം ഒരു ഡ്രൈവറുടെ സേവനം കോർപ്പറേഷൻ ബോർഡിന്റെ അനുമതിയോടെ ഉപയോഗപ്പെടുത്തുന്നുണ്ട്.

(ഇ) പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്കുവേണ്ടി ഒരു സെല്ലുലാർ ഫോൺ വാങ്ങിയിട്ടുണ്ട്. പ്രസ്തുത ഫോൺ ചെയർമാൻ ഉപയോഗിക്കാറുണ്ട്. ഈ ഫോണിന് 11063/- രൂപ വിലയായി കൂടാതെ 5.4.98 മുതൽ 4.6.99 വരെ ബിൽ ഇനത്തിൽ 15,014/- രൂപ 33 പൈസ ചെലവായിട്ടുണ്ട്.

(എഫ്) ജനറൽ മാനേജർ (പ്രൊഡക്ഷൻ) തസ്തികയിൽ നിയമനം നടത്തുന്നതിനു വേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. ജന

LIBRARY ARCHIVES Kerala Legislative Assembly

റൽ മാനേജർ (പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേഷൻ) തസ്തികയിൽ നിയമനം നടത്തിയിട്ടുണ്ട്.

(ജി) മുള്ളുവേലി കെട്ടുന്നതിന് വാങ്ങിയ മുള്ളുകമ്പികൾ തുരുമ്പു പിടിച്ചു നശിയ്ക്കുന്നതായി അറിവില്ല. 98 ജൂലൈയിൽ വാങ്ങിയ മുള്ളു കമ്പികൾ കോർപ്പറേഷന്റെ വിളകൾ കന്നുകാലികളിൽ നിന്നും സംരക്ഷിയ്ക്കുന്നതിനുവേണ്ടി മുള്ളു വേലി കെട്ടുന്നതിനുപയോഗിച്ചു കൊണ്ടിരിയ്ക്കുന്നു.

(എച്ച്) ഉണ്ട്. പ്രസ്തുത ജനറേറ്റർ പ്രവർത്തനക്ഷമമാണ്.

(ഐ) ഉദിയ്ക്കുന്നില്ല.

149 (1881) പ്ലാന്റേഷൻ കോർപ്പറേഷന്റെ വാഹനങ്ങൾ

<u>ശ്രീ. പി.ജെ ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പ്ലാന്റേഷൻ കോർപ്പറേഷൻ ആകെ എത്ര വാഹനങ്ങൾ ഉണ്ട്; ഓരോ ഇനത്തിലും എത്ര എണ്ണം വീതം ഉണ്ട്;

(ബി) ഈ വാഹനങ്ങൾ എന്താവശ്യത്തിന് എവിടെയൊക്കെ നൽകിയിരിക്കുന്നു;

(സി) ആരൊക്കെയാണ് ഇവയുടെ നിയന്ത്രണാധികാരികൾ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പ്ലാന്റേഷൻ കോർപ്പറേഷനിൽ ആകെ 47 വാഹനങ്ങളുണ്ട്. ഇനം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

ലോറി	10
ട്രാക്ടർ	11
ബസ്സ്	3
ആംബുലൻസ്	3
കാർ	6
ജീപ്പ്	14
ആകെ	47

(ബി) ലോറികളും ട്രാക്ടറുകളും കൊടുമൺ, ചെന്നനപ്പള്ളി, കല്ലാല, ആതിരപ്പള്ളി, വെറ്റിലപ്പാറ, പേരാംപ്ര, നിലംപുർ എന്നീ എസ്റ്റേറ്റുകൾക്ക് റബ്ബർ ട്രാൻസ്പോർട്ടിംഗിനുവേണ്ടി നൽകിയിരിക്കുന്നു. രണ്ട് ബസ്സുകൾ ആതിരപ്പള്ളി എസ്റ്റേറ്റിനോടനുബന്ധിച്ചുള്ള കാലടി പ്ലാന്റേഷൻ സ്കൂളിന്റെ ആവശ്യത്തിനായി ഉപയോഗിക്കുന്നു. മൂന്നാമത്തെ ബസ്സ് ഹെഡ് ഓഫീസ് ജീവനക്കാരെ ക്വാർട്ടേഴ്സിൽനിന്ന് കൊണ്ടുവരുന്നതിനും അവരുടെ കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിനുമായി ഉപയോഗിക്കുന്നു. ആംബുലൻസുകൾ കൊടുമൺ, കാലടി, പേരാംപ്ര എന്നീ എസ്റ്റേറ്റുകളോടനുബന്ധിച്ചുള്ള ആശുപത്രിയുടെ ഉപയോഗത്തിനായി നൽകിയിരിക്കുന്നു. ജീപ്പുകൾ അതാത് എസ്റ്റേറ്റുകളുടെ ആവശ്യത്തിനായി നൽകിയിരിക്കുന്നു കാറുകൾ

LIBRARY ARCHIVES Kerala Legislative Assembly